**ഒരു സമരം ഒരു ജനതയെ അപ്പാടെ എങ്ങനെയൊക്കെ സ്വാധീനിക്കുന്നു എന്ന് കൂടംകുളം ആണവോർജ്ജ വിരുദ്ധ സമരം നമുക്ക് കാണിച്ചുതന്നുകൊണ്ടിരിക്കുകയാണ്. ഇടിന്തകരയിലെ സത്യാഗ്രഹ പന്തലിലെ സാമൂഹിക ജീവിതത്തെ സംബന്ധിച്ച് കേരളീയം നേരത്തെ തന്നെ റിപ്പോർട്ട് ചെയ്തിരുന്നു. സമരം എങ്ങനെയാണ് ഓരോ വ്യക്തികളെയും മാറ്റിത്തീർക്കുന്നത് എന്നതിനും ചില ഉദാഹരണങ്ങൾ കൂടി നാം കാണേണ്ടതുണ്ട്. ഇടിന്തകരയിലെ സത്യാഗ്രഹ പന്തലിലെ ദൈനംദിന സാന്നിധ്യം പോലുമല്ലാത്ത, ഒരു സാധാരണ വീട്ടമ്മ മാത്രമായ ശ്രീമതി മീരാ ഉദയകുമാറി(കൂടംകുളം സമരനേതാവ് ഡോ. എസ്.പി. ഉദയകുമാറിന്റെ ഭാര്യ) നെ ഈ പ്രക്ഷോഭം സ്വാധീനിച്ചതെങ്ങിനെയാണ് എന്ന് അറിയുന്നത് നന്നായിരിക്കും. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ (ലക്കം: 29, പുസ്തകം 90) മനില സി. മോഹൻ നടത്തിയ അഭിമുഖത്തിലെ പ്രസക്ത ഭാഗങ്ങൾ ഇവിടെ ചേർക്കുന്നു.**

# ശരിയായ സമരമാർഗ്ഗം

**മീരാ ഉദയകുമാർ / മനില. സി. മോഹൻ**

സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പ്രക്ഷോഭ ചരിത്രത്തിൽ നിർണായകമായൊരു ഇടം നേടിക്കൊണ്ടിരിക്കുകയാണ് കൂടംകുളം സമരം. നാനൂറ് ദിവസത്തിലധികമായി തുടർന്നുപോരുന്ന ഈ സഹനസമരം ചരിത്രത്തിലെ പല ഉദാഹരണങ്ങളും തിരുത്തിക്കൊണ്ടിരിക്കുന്നു. ഒരു ജനത സ്വയം സ്വീകരിക്കുന്ന പീഡനങ്ങൾ ഒരു സമൂഹത്തിന്റെ, ഒരു രാഷ്ട്രത്തിന്റെ, മനസാക്ഷിയെ എങ്ങനെ പിടിച്ചുലയ്ക്കുന്നു എന്നതിനുള്ള തെളിവായി മാറിക്കൊണ്ടിരിക്കുകയാണ് ഇടിന്തകരയിലെ സത്യാഗ്രഹ സമരം. സമരമാരംഭിച്ച നാൾ തൊട്ട് ഭരണകൂടത്തിന്റെ എല്ലാവിധ ഭീഷണികളെയും ഇടപെടലുകളെയും തികച്ചും അസിംഹാത്മകമായ രീതിയിലാണ് ഇടിന്തകരയിലെ ജനങ്ങൾ പ്രതിരോധിക്കുന്നത്. സമര വാർത്തകൾ റിപ്പോർട്ട് ചെയ്യാൻ ആദ്യഘട്ടത്തിൽ മടിച്ചുനിൽക്കുകയും സർക്കാരിന്റെ ആരോപണങ്ങൾക്കും ഔദ്യോഗിക വിശദീകരണങ്ങൾക്കും മാത്രം പ്രാധാന്യം നൽകി വാർത്തകൾ സൃഷ്ടിക്കുകയും ചെയ്ത മാധ്യമങ്ങൾ സമാനതകളില്ലാത്ത സഹനസമരത്തിന്റെ ചൂടിൽ തങ്ങളുടെ വെറുംവാക്കുകൾക്ക് സമൂഹത്തിൽ അൽപം പോലും ചലനമുണ്ടാക്കാൻ സാധിക്കുന്നില്ലെന്ന് മനസിലാക്കിയിരിക്കുന്നു. ഇന്ന് പല രാഷ്ട്രീയ സംഘടനകളും ഒന്നൊന്നായി സമരത്തെ പിന്തുണച്ചുകൊണ്ടിരിക്കുകയാണ്.

ഒരു സമരം അവിടുത്തെ ജനതയെ, അവരുടെ സംസ്കാരത്തെ എങ്ങനെയാണ് രൂപപ്പെടുത്തിയെടുക്കുന്നത് എന്നതിനുള്ള ദൃഷ്ടാന്തം കൂടിയാണ് ഈ സമരം. കടലും കുടുംബജീവിതവുമായി കഴിഞ്ഞുപോന്ന ഇടിന്തകരയിലെയും കൂട്ടപ്പുള്ളിയിലെയും രാധാപുരത്തെയും കൂടംകുളത്തെയും സ്ത്രീകളും പുരുഷന്മാരും കുട്ടികളും ഇന്ന് വീറുറ്റ പോരാളികളായി മാറിയിരിക്കുന്നു. അസാമാന്യമായ ധൈര്യം, കാര്യങ്ങളറിയാനുള്ള ആകാംക്ഷ, അനിതരസാധാരണമായ ക്ഷമ, നേതൃത്വരഹിതമായ അന്തരീക്ഷത്തിൽ പോലും വിവേകപൂർവം തീരുമാനമെടുക്കാനുള്ള കഴിവ്, തങ്ങളുടെ പ്രശ്നങ്ങൾ എവിടെയും വ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ്, പരസ്പരം തിരിച്ചറിയാനും വിട്ടുവീഴ്ചകൾ ചെയ്യുവാനുമുള്ള വിനയം, കൂടംകുളത്തെ ജനങ്ങൾ ഒരുവേള ഈ സമരത്തിലൂടെ നേടിയെടുക്കുന്ന മൂല്യങ്ങൾ ഇവയാകാം.

പ്രകോപനപരമായ നിരവധി അവസരങ്ങൾ അധികാരികൾ ബോധപൂർവം സൃഷ്ടിച്ചപ്പോൾ പോലും അതിനൊന്നും വഴിപ്പെടാതെ തങ്ങളുടെ ലക്ഷ്യത്തിലേക്കെത്താൻ അഹിംസാത്മകമായ സമരമുറകൾ സ്വീകരിക്കുകയുള്ളൂവെന്ന് അവിടുത്തെ ജനങ്ങൾ നിശ്ചയിച്ചുറപ്പിക്കുകയായിരുന്നു. സമരവും ജീവിതവും തമ്മിൽ അതിർവരമ്പുകൾ നഷ്ടപ്പെട്ട കൂടങ്കുളം സമരത്തിൽ അനുയായികളും നേതാക്കളും തമ്മിലുള്ള പാരസ്പര്യത്തിന്റെ ഉത്തമമായ മാതൃകകൾ നാം കണ്ടു. തങ്ങൾക്കുവേണ്ടി അറസ്റ്റ് വരിക്കാൻ തയ്യാറായ നേതാവിനെ പോലിസിനു വിട്ടുകൊടുക്കാതെ സംരക്ഷിച്ചുനിർത്തുന്ന ജനത, നേതാക്കളുടെ അഭാവത്തിൽ പോലും ആത്മസംയമനം ഒട്ടും നഷ്ടപ്പെടാതെ സമരത്തെ നയിച്ചുകൊണ്ടിരിക്കുകയാണ്. സ്ത്രീകളുടെ, കുട്ടികളുടെ പങ്കാളിത്തം ഈ സമരത്തിന്റെ മറ്റൊരു സവിശേഷതയാണ്. മെൽറിറ്റും, സേവ്യരമ്മയും, ഷീലയുമൊക്കെ ഇന്ന് കൂടംകുളം സമരത്തിന്റെ പ്രതീകങ്ങളാണ്. നിരവധി തവണ പോലിസിന്റെയും ഗുണ്ടകളുടെയും മർദ്ദനങ്ങൾക്ക് വിധേയരായിട്ടുപോലും പോരാട്ടവീര്യം ഒട്ടും ചോർന്നുപോകാതെ അവർ മുന്നേറുകയാണ്....

## അഭിമുഖത്തിൽ നിന്നും

**സമരം ഇപ്പോൾ നിർണായകമായ ഒരു ഘട്ടത്തിലാണ്. മുമ്പുള്ളതിൽ നിന്നും വ്യത്യസ്തമായി സമരം ദേശീയ ശ്രദ്ധയിലേക്ക് വന്നിരിക്കുന്നു. പിന്തുണ കൂടുന്നു, എതിർപ്പും ശക്തമാകുന്നു, സമരത്തിന്റെ അന്തിമഫലം എന്തായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?**

പ്രതീക്ഷയല്ല, ഞാൻ വിശ്വസിക്കുന്നു, സമരം വിജയിക്കുമെന്ന്. എനിക്കറിയാം സമരം വിജയിക്കുക തന്നെ ചെയ്യും.

**പക്ഷേ, കൂടുംകുളത്തെ ജനങ്ങൾ സമരം ചെയ്യുന്നത് ഭരണകൂടത്തോടാണ്, സംസ്ഥാന – കേന്ദ്ര സർക്കാരുകളോടാണ്.**

ഞാൻ വ്യക്തമാക്കാം. ഇത് ആദ്യം കേരളത്തിൽ വന്ന പദ്ധതിയാണ്. സമരം ചെയ്തതുതന്നെയാണ് അത് അവിടെനിന്ന് മാറ്റിയത്. അല്ലേ? പദ്ധതി ആരംഭിക്കുന്നതിനു മുൻപു തന്നെ അതിനെ എതിർക്കാൻ പറ്റി എന്നുള്ളത് സത്യമാണ്. ഇവിടെയിപ്പോൾ കുറച്ച് പ്രയാസമാണ്. പക്ഷേ, അസാധ്യമൊന്നുമല്ല.

**അസാധ്യമല്ലായിരിക്കാം. പക്ഷേ, ജനങ്ങളെ ഇതുപോലെ ഇനിയും ഒരുപാടുകാലം, ഇതേ പോരാട്ട വീര്യത്തോടെ നിലനിർത്തുക എന്നത് സാധ്യമാണോ?**

തീർച്ചയായും സാധ്യമാണ്. ഇവിടത്തെ ടജനങ്ങൾ പോരാടുന്നവരാണ്. അവർക്കറിയാം. ഇത് മാത്രമാണ് ഒരേയൊരു മാർഗമെന്ന് ഒരു ദിവസം രാവിലെ ആണവനിലയം പൂട്ടി, താക്കോൽ കൈയ്യിൽത്തന്ന് എല്ലാം ഓകെ.ആണ് എന്ന് സർക്കാർ പറയും എന്നൊന്നും ആരും കരുതുന്നില്ല. ഒരു റേഷൻ ഷോപ്പിനു മുന്നിൽ നടക്കുന്ന സമരമല്ല. ഇതെന്ന് ജനങ്ങൾക്ക് നന്നായറിയാം. അതുകൊണ്ട് അവർ പോരാട്ടം തുടരും. വിജയിക്കുന്നതുവപെ പോരാട്ടം തുടരും.

**അഹിംസാമാർഗത്തിലാണ് സമരം നടക്കുന്നത്. എന്തെങ്കിലും ഒരു ഫലം ലഭിക്കാൻ ഈ സമരമാർഗം മതിയാവും എന്നു തോന്നുന്നു.**

ഇതു മാത്രമാണ് ഒരേയൊരു മാർഗം. മറ്റേതു മാർഗമായിരുന്നാലും പ്രശ്നം വഴിമാറിപ്പോകുമായിരുന്നു. യഥാർത്ഥ പ്രശ്നം ചർച്ച ചെയ്യപ്പെടാതെ പോകുമായിരുന്നു. അഹിംസമാത്രമാണ് ഫലപ്രാപ്തിക്കുള്ള ഒരേയൊരു മാർഗം. ഒരു വർഷമായി ഇടിന്തകരെയിൽ സത്യാഗ്രഹസമരം നടക്കുന്നു. മുൻപ് എവിടെയെങ്കിലും എപ്പോഴെങ്കിലും ഇതുപോലൊന്ന് കണ്ടിട്ടുണ്ടോ? ഒരേ ഊർജ്ജത്തോടെ, ലക്ഷ്യത്തോടെ ഒരു വലിയ കൂട്ടം ആളുകൾ ഒന്നിച്ചിരിക്കുന്നത്? അതിന് ഒരേയൊരു കാരണമേയുള്ളൂ മാർഗം അഹിംസയാണ് എന്നത്. ജനങ്ങളത് ആ രീതിയിൽ ഉൾക്കൊണ്ടവരാണ്. അവിടത്തെ ആളുകൾക്ക് എങ്ങനെ അഹിംസയിലൂടെ സമരം നടത്താം എന്നതിന്റെ പരിശീലനമാണ് ലഭിച്ചിരിക്കുന്നത്. അവർക്ക് വേദനകളെ സഹിക്കാനറിയാം. പ്രശ്നങ്ങളെ നേരിടേണ്ടത് എങ്ങനെയെന്നറിയാം, അവർ ജയിക്കുമെന്നും അവർക്കറിയാം.

**സമരം എന്തിനുവേണ്ടിയാണ് എന്ന കാര്യത്തിലുള്ള ജനങ്ങളുടെ അറിവ്, ധാരണ എല്ലാം കാണുമ്പോൾ അതുണ്ടാക്കിയെടുക്കാനുള്ള പ്രയത്നം നമുക്ക് ബോധ്യപ്പെടും. ഒരു വലിയ ജനതയെ ഇതുപോലെ നയിക്കാൻ ഒരു പക്ഷേ, ഉദയകുമാറിനെപ്പോലുള്ള ഒരു നേതാവന് എങ്ങനെയാണ് സാധിക്കുന്നത്?**

ശരിയാണ് ഒരു പക്ഷേ, മറ്റാർക്കെങ്കിലും കഴിയുമായിരിക്കാം. എന്നാൽ ഈ രീതിയിൽ നേതൃത്വം കൊടുക്കാൻ കഴിയുന്ന ഒരാളേയേ എനിക്കറിയാം. അത് ഉദയകുമാറാണ്. ആ രീതിയിലുള്ള മാനസിക പരിശീലനം നേടിയിട്ടുള്ള ആളാണ് അദ്ദേഹം. വർഷങ്ങളായി സ്വയം ആ രീതിയിലുള്ള മാനസിക തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന ആളാണ് ഇപ്പോൾ 52 വയസ്സായി ധ്യാനിക്കാറുണ്ട്. യോഗ ചെയ്യാറുണ്ട്. വായിക്കാറുണ്ട്, ദേഷ്യമടക്കാനുള്ള ധ്യാനം പരിശീലിക്കാറുണ്ട്. ഗാന്ധിയെ വീണ്ടും വീണ്ടും വായിക്കാറുണ്ട്. സിവിൽ റൈറ്റ്സ് മൂവ്മെന്റിനെപ്പറ്റി നിരന്തരം പഠിക്കാറുണ്ട്. അഹിംസയാണ്, അഹിംസ മാത്രമാണ് സമരമാർഗമെന്ന് പൂർണമായും സ്വയം ബോധ്യപ്പെട്ടതിനു ശേഷമാണ് ഈ സമരത്തിന് നേതൃത്വം കൊടുക്കുന്നത്. ഒരു സുപ്രഭാതത്തിൽ സംഭവിച്ച കാര്യമല്ല ഇത്. കഴിഞ്ഞ ഇരുപത് വർഷമായി എനിക്ക് നേരിട്ട് മനസ്സിലാക്കിയിട്ടുണ്ട്.

**എങ്ങനെയാണ് ഉദയകുമാർ സമരത്തിലെത്തുന്നത്?**

1992–ൽ വിവാഹ സമയത്തൊക്കെ അദ്ദേഹം ആണവോർജ്ജ വിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സജീവമാണ്. അതിനും മുമ്പ് 1989–ൽ കൂടുംകുളം പവർപ്ലാനന്റിനെതിരെ ഒപ്പുശേഖരണ പരിപാടി നടന്നതൊക്കെ എനിക്ക് ഓർമയുണ്ട്. അതിലൊക്കെ ഉദയകുമാർ സജീവമായിരുന്നു. പിന്നീട് ആണവോർജ്ജവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, റിയാക്ടറുകൾ, സാങ്കേതിക വിദ്യ തുടങ്ങിയ കാര്യങ്ങളിലൊക്കെ റിസർച്ച് ചെയ്യാനും എഴുതാനും തുടങ്ങി ഈ സമയങ്ങളിലൊക്കെ ആളുകളുമായി കാണുകയും സംസാരിക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. ഈ എഴുതുന്നതെല്ലാം എഡിറ്റ് ചെയ്യുന്ന റോളായിരുന്നു എനിക്ക്. എപ്പോഴും ഈ വിഷയങ്ങൾ തന്നെയായിരുന്നു ചുറ്റും. കോൺഫറൻസുകൾ, സെമിനാറുകൾ അദ്ദേഹം ശരിയാണെന്ന് എനിക്ക് വിശ്വാസമുണ്ടായിരുന്നു.

**എന്താണ് ഈ വിഷയത്തിൽ താങ്കളുടെ നിലപാട്?**

ഞാൻ ഡിഗ്രി ചെയ്തത് കെമിസ്ട്രിയിലാണ്. ഫിസിക്സും പഠിക്കാനുണ്ട്. നമുക്കറിയാം. ഒരിക്കൽ ന്യൂക്ലിയർ ഫിഷൻ നടത്തിക്കഴിഞ്ഞാൽ പിന്നെ നിർത്താൻ സാധ്യമല്ല എന്ന് റിയാക്ഷൻസ് ആൻഡ് ചെയിൻ റിയാക്ഷൻസ്, അഭിമന്യൂ പത്മവ്യൂഹത്തിൽ അകപ്പെട്ടതുപോലെ. എങ്ങനെ പുറത്തുകടക്കണമെന്ന് അറിയില്ല. നമ്മൾ ഒരു പ്രശ്നത്തിനകത്തു പെടുമ്പോൾ എങ്ങനെ പുറത്തുകടക്കണമെന്നും നമ്മൾ പ്ലാൻ ചെയ്യും. സ്ത്രീകൾ എപ്പോഴുമങ്ങനെയാണ്. പുറത്തുവരാനുള്ള മാർഗം മുൻകൂട്ടി കാണും. ഇതങ്ങനെയല്ല. ഉദയകുമാർ എഴുതുന്നതിന്റെയെല്ലാം എഡിറ്ററായിരുന്നതുകൊണ്ട് അതെല്ലാം ഞാൻ വായിച്ചിട്ടുണ്ട. തെറ്റായ ഒന്നാണ് നടക്കുന്നത് എന്ന് അറിയുന്നുണ്ട്. ചെർണോബിൽ നടക്കുന്നത് 1984–ലാണ്, അന്ന് വിദ്യാർത്ഥിയാണ്. അതു സംബന്ധിച്ച ഡോക്യുമെന്ററികൾ കാണുന്നുണ്ട്. അതിൽ, ആണവ ഉദ്യോഗസ്ഥർ തന്നെ ഭാര്യമാരോടും മക്കളോടുമൊക്കെ വീട്ടിലുള്ളതൊന്നും കൈയിലെടുക്കാതെ പുറത്തുവരാൻ ആവശ്യപ്പെടുന്നത് കാണുന്നുണ്ട് ഫോട്ടോഗ്രാഫുകൾ പോലും എടുക്കരുത് എന്നാണ് പറയുന്നത്.

**ഒരു വർഷത്തിലേറേയായി കൂടുംകുളത്ത് ശക്തമായ സമരം നടക്കുന്നു. ആറു മാസത്തിലേറെയായി ഉദയകുമാർ ഇടിന്തകരെയിൽ നിന്ന് പുറത്തുവന്നിട്ട് ഇപ്പോൾ എവിടെയാണെന്ന് പുറത്തുപറയാൻ പറ്റാത്ത സ്ഥലത്തും കുടുംബജീവിതം നഷ്ടപ്പെടുന്നു എന്ന തോന്നലുണ്ടോ?**

ഒരുപാട്, ഒരുപാട്. എനിക്ക് എന്റേതായ വിഷമങ്ങളുണ്ട്. ഒരു ദിവസം ഇതെല്ലാം നന്നായി അവസാനിക്കുമെന്നും മുൻപുണ്ടായിരുന്നതുപോലെ ഒരു കുടുംബജീവിതത്തിലേക്ക് തിരിച്ചുവരുമെന്നും ഉദയകുമാർ വീട്ടിലെത്തുമെന്നും മക്കൾക്ക്



കഥ പറഞ്ഞുകൊടുക്കുമെന്നും ഒരു മേൽക്കുരയ്ക്കു താഴെ ഞങ്ങളെല്ലാവരും ഒന്നിച്ച് താമസിക്കുമെന്നുമൊക്കെ എനിക്കറിയാം. അതെല്ലാം സംഭവിക്കുക തന്നെ ചെയ്യും. അദ്ദേഹം തിരിച്ചുവരും. സമാധാനപൂർണമായ ഒരു ജീവിതവുമുണ്ടാകും. അതു തന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

**ഗാന്ധിസത്തെ സ്വന്തം കുടുംബജീവിതത്തിൽ പൂർണമായും വിജയകരമായി പ്രയോഗിക്കാൻ കഴിഞ്ഞിട്ടില്ലാത്ത ആളാണ് ഗാന്ധി. ഗാന്ധിയനായ ഉദയകുമാർ എങ്ങനെയാണ്?**

ഉദയകുമാറും തെറ്റുകളൊക്കെ പറ്റുന്ന ആളാണ്. ദേഷ്യക്കാരനുമാണ്. അദ്ദേഹം ദേഷ്യം പ്രകടിപ്പിക്കുന്നത് എന്നോട് മാത്രമായിരിക്കും. ചില സമയങ്ങളിൽ തെറ്റിദ്ധരിപ്പിക്കാറുണ്ട്. എല്ലാവരെയും വിശ്വാസത്തിലെടുക്കുന്ന ഒരു സിംപിളായ മനുഷ്യനാണ്. തന്നെ വേദനിപ്പിക്കുകയാണ് മറ്റൊരാളുടെ ഉദ്ദേശ്യം എന്ന് മനസ്സിലാക്കിയാലും അയാളുമായി ഒരു ബന്ധം സൂക്ഷിക്കാൻ എപ്പോഴും തയ്യാറാവും. ഉദയകുമാറുമായി അടുത്ത ബന്ധമുള്ളവർക്ക് അതറിയാം.

ഉദയകുമാറുമൊത്തുള്ള ജീവിതം വളരെ ഇന്ററസ്റ്റിങ്ങ് ആണ്. ഒരുപാട് എനർജിയുള്ള ഒരാൾ, ആ എനർജിക്കൊപ്പം പലപ്പോഴും എത്താൻ കഴിയാറില്ല എന്നത് സത്യമാണ്. ഒറ്റ ദിവസം ബോറടിക്കാറില്ല. ഒറ്റ ദിവസവും ബോറടിക്കാറില്ല. ഞങ്ങൾ തമ്മിൽ വഴക്കുണ്ടാക്കാറുണ്ട്. എല്ലാവരെയും പോലെ ഉദയകുമാർ എന്നോടു മാത്രമെ വഴക്കുണ്ടാക്കാറുള്ളൂ. എല്ലാ ഇന്ത്യൻ ഭർത്താവിനെയും പോലെ. ഇന്ത്യൻ ഭർത്താക്കന്മാർ ഭാര്യമാരോടു മാത്രമാണല്ലോ വഴക്കുണ്ടാക്കുന്നത്? അദ്ദേഹം നൂറുശതമാനം ഗാന്ധിയനാണ് എന്ന് ഞാൻ പറയില്ല. പക്ഷെ അതാവാൻ ശ്രമിക്കുന്ന ആളാണ്.

**എത്ര കാലമായിട്ട് കൂടുംകുളത്ത് ആണവവിരുദ്ധ പ്രചാരണ പരിപാടികൾ നടത്തുന്നുണ്ട്?**

കഴിഞ്ഞ പത്തുവർഷമായി എല്ലാ ശനിയാഴ്ചകളും ഞായറാഴ്ചകളും അദ്ദേഹം പ്രവർത്തനങ്ങളിലായിരിക്കും. ഞങ്ങൾക്ക് വീക്കെൻഡ്സ് ഇല്ല. വെക്കേഷൻ ഇല്ല. ഓരോരോ വീടുകളിലും ബോധവൽക്കരണ പരിപാടികളുമായി സഞ്ചരിക്കും. രാത്രി പത്തുമണി കഴിയും. വീട്ടിലെത്താൻ.

**കൂടുംകുളത്തെ ഓരോ മനുഷ്യനും സമരത്തെക്കുറിച്ചും സമരത്തിന്റെ ചരിത്രത്തെക്കുറിച്ചും ആണവോർജ്ജത്തിന്റെ ചരിത്രത്തെക്കുറിച്ചും അറിയാം.**

ശരിയാണ്. ഉദയകുമാറിന് അവിടത്തെ ഭൂമിശാസ്ത്രം കൃത്യമായിരിക്കണം. ഓരോ ആളെയും വ്യക്തിപരമായി അറിയാം. ഒരു ഗ്രാമത്തിലെയല്ല. പല ഗ്രാമങ്ങളിലെ. ഒറ്റ ദിവസത്തെ തോന്നലിൽ ഇറങ്ങിപ്പുറപ്പെട്ടതല്ല. ഒരുപാടു വർഷത്തെ ഗൃപാഠവും പ്രയത്നം ബോധവത്കരണവുമൊക്കെ ഇതിന് പുറകിലുണ്ട്. ഒറ്റ ദിവസംകൊണ്ട് ഇതുപോലൊന്ന് സംഭവിക്കുക എളുപ്പമല്ലല്ലോ? അതുതന്നെയാണ് അദ്ദേഹത്തെ വ്യത്യസ്തനാക്കുന്നതും.

**ഇടിന്തരകരെയിൽ സമരം ചെയ്യുന്ന സ്ത്രീകളെക്കുറിച്ച് എന്താണ് പറയാനുള്ളത്?**

ഉള്ളിൽ ഒരുപാട് തീയുള്ള ശക്തരായ സ്ത്രീകൾ, ഇത്രയും ബുദ്ധിയും കരുത്തും തീയുമുള്ള സ്ത്രീകൾ എങ്ങനെയാണ് വീട്ടിനുള്ളിൽ മാത്രമായി ജീവിക്കുന്നത് എന്ന് അത്ഭുതപ്പെടാറുണ്ട്. ലോകത്തെല്ലായിടത്തും സ്ത്രീകൾ വളരെ കരുത്തരാണ്. അല്ലാതെ ഇത്രയും പുരുഷാധിപത്യമുള്ള സമൂഹത്തിൽ ജീവിക്കാൻ എളുപ്പമല്ല. ആരും നിങ്ങൾക്ക് സ്വാതന്ത്ര്യം കൊണ്ടുവന്ന് തരില്ല. അഭിപ്രായമുള്ള സ്ത്രീകളുടെ കൂടി ജീവിക്കുന്നത് പുരുഷന്മാർക്ക് പ്രയാസമുള്ള കാര്യമായിരിക്കും. എല്ലാ ദിവസവും സ്ത്രീകളുടെ ജീവിതത്തിൽ പോരാട്ടം നടക്കുന്നുണ്ട്. പോരാട്ടം, സമരം അവരെ സംബന്ധിച്ച് ഒരു പുതിയ കാര്യമേയല്ല.. ആകെയുള്ള ആയുധം അഹിംസയാണ്. പുരുഷന്മാർ എല്ലാ ദിവസവും ചെയ്യുന്ന അതിക്രമങ്ങൾക്ക് സ്ത്രീകൾ പുരുഷന്മാരെ അടിച്ചു എന്ന് എവിടേയും കേൾക്കാറില്ലല്ലോ? ഇടിന്തരകരെയിൽ അതുപോലുള്ള ഒരുപാട് സ്ത്രീകൾ ഒന്നിച്ചുചേർന്നപ്പോഴുള്ള ശക്തിയാണ്. എല്ലാ ദിവസവും പത്തുമണിക്കൂറോളം കടലിൽ പോകുന്ന പുരുഷന്മാരാണ്. തിരിച്ചെത്തിയാലും അതേ ഊർജ്ജം വൈബ്രേഷൻ, ഓളം അവരിലുണ്ടാകും. അത്തരമാളുകളെ നിയന്ത്രിക്കുന്നത് എളുപ്പമല്ല. ഒരു ഷോക്ക് അബ്സോർബർ പോലെവർക്ക് ചെയ്യേണ്ടിവരും സ്ത്രീകൾക്ക് ഇത്രയധികം ബുദ്ധിയും കഴിവുമുള്ള സ്ത്രീകൾ പൊതു സമൂഹത്തിലേക്ക് വരുന്നില്ലല്ലോ എന്നോർത്ത് ചിലപ്പോൾ സങ്കടം തോന്നും. ഏതെങ്കിലും ഒരു രാഷ്ട്രീയപ്രവർത്തക, ഈ സാധാരണക്കാരോട് സംസാരിക്കുമ്പോൾ മനസ്സിലാവും അതിന്റെ വ്യത്യാസം. എല്ലാവരോടും ഞാൻ പറയുകയാണ്. ഇടിന്തകരെയിൽ വന്ന് ഒരു ദിവസം വെറുതെ ഇരിക്കാൻ ചോദ്യങ്ങൾ ചോദിക്കേണ്ട, സംസാരിക്കേണ്ട, ഒന്നും ചെയ്യേണ്ട. വെറുതെ ഇരുന്നാൽ മതി. അപ്പോൾ മനസ്സിലാകും. പോരാട്ടം അവരെ സംബന്ധിച്ച് ജോലിയല്ല. അവരുടെ ജീവിതം തന്നെയാണ്.

**ഒരുപാട് ജനകീയ സമരങ്ങൾ ഇന്ത്യയിൽ നടക്കുന്നുണ്ട്. ലോകത്തെമ്പാടും നടക്കുന്നുമ്ട്. പക്ഷേ, ഇവിടത്തെ സമരം വ്യത്യസ്തമാണ്. എന്തുകൊണ്ടാണത്?**

ജനങ്ങൾ ജനങ്ങൾ മാത്രം അവർക്ക് ഭയമില്ല. വിജയിക്കുന്നതിനുള്ള ഇച്ഛാശക്തിയുണ്ട് അവരിൽ. അതുതന്നെയാണ് ആ വ്യത്യാസത്തിനുള്ള കാരണം. ഇപ്പോൾ പെട്രോൾ വിലവർധനയ്ക്കെതിരെ സമരം നടക്കുന്നു. രണ്ടു ദിവസം തെരുവിലിറങ്ങും. അതിനുശേഷം? അവരവരുടെ ജീവിതത്തിലേക്ക് മടങ്ങും. ഫലമുണ്ടായാലും ഇല്ലെങ്കിലും അതുതന്നെ സംഭവിക്കും. പക്ഷേ, ഇവിടെ അങ്ങനെയല്ല. വിജയിച്ചേ തീരൂ എന്നമനോഭാവമുള്ളവരാണവർ ലക്ഷ്യത്തെക്കുറിച്ച് ബോധ്യമുള്ളവരാണ്. ഇതുതന്നെയാണ് മറ്റു ജനകീയ സമരങ്ങളിൽ നിന്ന് ഈ സമരത്തെ വ്യത്യസ്തമാക്കുന്നത്.